DESPATCHED
On..25/02/2020

21/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in

## ഹർജി നമ്പർ C.P. No.525(6)/2016/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.10932/എസ്.ഐ.സി-ജി 5/2016)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. വിക്രമൻ. ആർ
കുഴുവിളകിഴക്കതിൽ
പെരുംകുളം പി.ഒ.
കൊട്ടാരക്കര, കൊല്ലം. } പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സ്വാശ്രയ കർഷകസമിതി,
ഇഞ്ചക്കാട്, മൈലം പി.ഒ.,കൊട്ടാരക്കര,
കൊല്ലം.– 691 506 } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 08.07.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 10.08.2016 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 25.08.2016 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 31.08.2016 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 21.01.2020<br>വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്, കൊല്ലം |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

# ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ആർ. വിക്രമൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി നൽകിയില്ലായെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്..

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i) ഇഞ്ചക്കാട് വിപണിയിൽ പ്രവർത്തിച്ചിരുന്ന വളം വിൽപ്പന ശാലയുടെ 2013–2014 സാമ്പത്തിക വർഷത്തെ പൊതുയോഗത്തിൽ അവതരിപ്പിച്ച യോഗം അംഗീകരിക്കാത്ത ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് നൽകണമെന്നും

ii) ആഡിറ്റർ ആ റിപ്പോർട്ടിനെപ്പറ്റി എഴുതിയ റിപ്പോർട്ട് കമന്റിന്റെ പകർപ്പ് നൽകണമെന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഇൻപുട്ട് സെന്ററിന്റെ പ്രവർത്തനം താത്ക്കാലികമായി നിറുത്തി വച്ചിരിക്കുന്നതിനാലും എല്ലാ അംഗങ്ങളുടെയും ഷെയർ തുക കൊടുത്ത് തീർത്തതിനാലും ഹർജിക്കാരന്റെ ചോദ്യത്തിന് പ്രസക്തി ഇല്ലായെന്നാണ്.

3. കമ്മീഷൻ മുമ്പാകെ ഹാജരായ സ്വാശ്രയ കർഷക സമിതി പ്രസിഡന്റ് ബോധിപ്പിച്ചത്, ഇഞ്ചക്കാട് വിപണി VFPCKയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണെന്നും ആയത് സർക്കാരിൽ നിന്ന് നേരിട്ട് ആനുകൂല്യം കൈപ്പറ്റാത്ത ഒന്നാണെന്നും മേൽപ്പടി സമിതിയിൽ ഗവൺമെന്റ് ജീവനക്കാരാരുമില്ലെന്നും എന്നാൽ മേൽപ്പടി സമിതിയുടെ പ്രവർത്തനങ്ങൾക്ക് വേണ്ട മാർഗ്ഗ നിർദ്ദേശം നൽകുന്നതിലേയ്ക്കായി VFPCK യിൽ നിന്നും ഒരു ഉദ്യോഗസ്ഥന്റെ സേവനം ലഭിക്കാറുണ്ടെന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരം തേടിയിട്ടുള്ള സമിതി വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്ത സ്ഥാപനമാണെന്ന് കാണുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടി

കൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 21–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**ഒപ്പ്**

**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

RIGHT TO INFORMATION